# സ്കൂൾ
# അക്കാദമിക് മാസ്റ്റർ
# പ്ലാൻ - 2025-26

## സെന്റ്. സേവ്യേഴ്സ്
## എൽ. പി സ്കൂൾ
## നെല്ലിപ്പാറ

# ആമുഖം

ഇടുക്കി ജില്ലയിൽ കട്ടപ്പന സബ്ജില്ലയുടെ അധികാര പരിധിയിൽ 1979 ജൂൺ 6ന് സെന്റ്.ജോസഫ്സ് എൽ.പി സ്കൂൾ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ ധാരാളം കുട്ടികൾ ധാരാളം കുട്ടികൾ ഈ വിദ്യാലയത്തിന്റെ നിറസാന്നിദ്ധ്യമായി ഉണ്ടായിരുന്നു. പിന്നിടങ്ങോട്ട് ഈ മലപ്രദേശത്തു നിന്നും ആളുകൾ ജീവിത സൗകര്യങ്ങൾ തേടി ഇതരദേശങ്ങളിലേക്ക് മാറിപ്പോയത് ഇവിടെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതിന് കാരണമായി.

യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും ഈ വിദ്യാലയത്തെ ബാധിക്കുന്ന പ്രശ്നമാണ്. വിദ്യാലയത്തോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറിയും വിദ്യാലയത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്കു വഹിക്കുന്നു.

എഴുത്തും വായനയും ഗണിതവും അറിയാത്തവരായ കുട്ടികൾ ഈ വിദ്യാലയത്തിൽ ഉണ്ടാവരുതെന്ന ചിന്ത ഓരോ അധ്യാപകന്റെയും ഉത്തരവാദിത്വ ലക്ഷ്യമായി കരുതിവരുന്നു.

അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിദ്യാലയത്തിലെ പഠനമേഖലയിലെ മികവ് മാത്രമല്ല സർവ്വോന്മുഖമായ വളർച്ചയും ലക്ഷ്യം വയ്ക്കുന്നു. ഇതിലെ ഓരോ പ്രവർത്തനവും നടപ്പാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകുവാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# സെന്റ്. സേവ്യേഴ്സ് എൽ.പി സ്കൂൾ നെല്ലിപ്പാറ

## പ്രാഥമിക വിവരം

| | |
|---|---|
| സ്ഥാപിതം | 1979 |
| സ്കൂൾ കോഡ് | 30219 |
| സ്ഥലം | നെല്ലിപ്പാറ |
| പിൻകോഡ് | 685515 |
| ഫോൺ നമ്പർ | 9496068237 |
| ഇ-മെയിൽ | stxavierslpsnellippara |
| വിദ്യാഭ്യാസ ജില്ല | ഇടുക്കി |
| ഉപജില്ല | കട്ടപ്പന |
| ഭരണവിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗം | എൽ.പി (1 മുതൽ 4 വരെ) |
| മാധ്യമം | മലയാളം. |
| ആൺകുട്ടികളുടെ എണ്ണം | 38 |
| പെൺകുട്ടികളുടെ എണ്ണം | 35 |
| അധ്യാപകരുടെ എണ്ണം | 4. |
| പ്രധാനാധ്യാപിക | ശ്രീമതി. സോളി സേവ്യർ |
| പിടിഎ പ്രസിഡന്റ് | വിനോജ് കാവിൽപുരയിടം |
| എം പിടിഎ പ്രസിഡന്റ് | സൗമ്യ നിബു തോലാനിക്കുന്നേൽ |
| പ്രീ പ്രൈമറി കുട്ടികളുടെ എണ്ണം | 25 |
| ആകെ കുട്ടികൾ | 98 |

## നേട്ടങ്ങൾ

പിറ്റിഎ അംഗങ്ങളുടെയും നല്ലവരായ നാട്ടുകാരുടെയും സഹായത്തോടെ സ്കൂൾ സീലിംഗ് നടത്തുവാൻ സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ ചുമർ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ചിത്രം വരച്ച് മനോഹരമാക്കിയിട്ടുണ്ട്. ഉച്ചക്കഞ്ഞി പാചകത്തിനാവശ്യമായ പുതിയ പാചകപ്പുര നിർമ്മിച്ചു. പഴക്കം ചെന്നതാണെങ്കിലും നല്ല ഉറപ്പുള്ളതാണ് സ്കൂൾ കെട്ടിടം. പഠന പഠ്യേതര പ്രവർത്തനങ്ങളിലും കലാ കായിക പ്രവൃത്തി പരിചയ മേളകളിലും മികച്ച വിജയം നേടുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മുൻവർഷത്തിൽ ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള L.P സ്കൂളുകളിൽ ഒന്നാമത്തെത്താൻ നമുക്കായി എന്നത് അഭിമാനാർഹമായ നേട്ടമാണ്.

## പരിമിതികൾ

ഭേദപ്പെട്ട മികച്ച സ്കൂൾ ആണെങ്കിലും ക്ലാസ്മുറികൾ വേർതിരിച്ചിട്ടില്ലാത്തതിനാൽ നല്ല ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. സ്കൂളിന് സ്വന്തമായി ഒരു വാഹനമില്ലാത്തത് വളരെ ഖേദകരമാണ്. കമ്പ്യൂട്ടർ ലാബ് സൗകര്യമുണ്ടെങ്കിലും വേണ്ടത്ര കമ്പ്യൂട്ടറുകൾ ഇല്ലാത്തതിനാൽ ഐ.ടി പഠനം ബുദ്ധിമുട്ടാണ്. വേണ്ടത്ര കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ നടത്തി വരുന്നു. ക്ലാസ്സും സ്മാർട്ട് ക്ലാസ്റൂം അല്ലാത്തതും മറ്റൊരു പോരായ്മയായി തുടരുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസനലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- വായനാശേഷി വർദ്ധിപ്പിക്കൽ
- ലൈബ്രറി ശാക്തികരണം
- സ്കോളർഷിപ്പ് പരിശീലനം
- പഠനയാത്രകൾ
- അധ്യാപക ശാക്തികരണം
- പ്രവൃത്തി പരിചയ പരിശീലനം
- കലാ പരിപോഷണം
- പച്ചക്കറിത്തോട്ടം
- പൂന്തോട്ട നിർമ്മാണം
- ലഹരിവിരുദ്ധ ബോധവൽക്കരണം
- ഭക്ഷ്യമേളകൾ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- ഫീൽഡ്ട്രിപ്പുകൾ
- ഗവേഷണാത്മക പഠനം
- കായികപരിശീലനം
- ഐ.ടി പഠനം
- ജന്മദിനാഘോഷം
- ചിത്രരചനാ പരിശീലനം
- ശാസ്ത്ര, ഗണിതശാസ്ത്ര മേളകൾ
- പി.ടി.എ, എം.പി.ടി.എ, ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ
- മാലിന്യ സംസ്കരണം.

# പ്രവർത്തനം - വിശദാംശങ്ങൾ.

## ഉപമേഖല : മലയാളം
## ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദകാർഡുകൾ നിർമ്മിക്കുന്നു.<br>• സംയുക്ത/സർഗ്ഗാത്മക ഡയറി എഴുത്ത്<br>• വായനോത്സവം<br>• രചനോത്സവം<br>• ചെറുവാക്യകാർഡുകൾ നിർമ്മാണം<br>• സ്വന്തം സൃഷ്ടികൾ ഒരുക്കുന്നു. | 1 വർഷ കാലം | മലയാളം അധ്യാപകർ<br>SRG | |

## ഉപമേഖല : ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | • ധാരാളം English Rhymes, stories കാണുവാനും, കേൾക്കുവാനും അവസരം ഒരുക്കുന്നു.<br>• വസ്തുക്കളുടെയും ജീവികളുടെയും ചിത്രങ്ങൾ സഹിതം വാക്കുകൾ പ്രദർശിപ്പിക്കുന്ന വായിക്കുന്നു.<br>• ഇംഗ്ലീഷ് അസംബ്ലി<br>• Reading cards<br>• Rhymes, ചെറിയ stories എഴുതുന്നു.<br>• ഇംഗ്ലീഷ് speech, stories അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ<br>SRG | |

## ഉപമേഖല : വായനാശേഷി വർധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • കുട്ടികളിലെ വായനാശേഷി വർധിപ്പിക്കുക | • ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച വായനാസാമഗ്രികൾ നൽകുന്നു<br>• വായനാമൂല ഒരുക്കുന്നു<br>• വായിച്ച പുസ്തകത്തെ കുറിച്ച് ലഘു വിവരണം തയ്യാറാക്കുന്നു. | 1 വർഷം | ക്ലാസ്സ് ടീച്ചേഴ്സ്. | |

## ഉപമേഖല : സ്കോളർഷിപ്പ് പരിശീലനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • കുട്ടികളെ വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് DCL, LSS, അഞ്ചാം ക്ലാസ് സ്കോളർഷിപ്പ് ഒരുക്കൽ. | • പഠനത്തോടൊപ്പം ബന്ധപ്പെട്ട തുടർപഠന പ്രവർത്തനങ്ങൾ നൽകുന്നു<br>• ജനറൽ നോളജ് ചോദ്യങ്ങൾ നൽകുന്നു.<br>• പ്രത്യേക പരീക്ഷകൾ നടത്തുന്നു<br>• കൂട്ടായ പഠനം പ്രോത്സാഹിപ്പിക്കുന്നു. | 3 മാസം | എല്ലാ വിഷയങ്ങളുടെയും അധ്യാപകർ. | |

## ഉപമേഖല : പഠനയാത്രകൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • പഠനവിധേയമായ കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനുള്ള അവസരമൊരുക്കൽ | • ഓരോ ക്ലാസിലെയും നിലവാരത്തിനനുസരിച്ചുള്ള സ്ഥലങ്ങൾ കണ്ടെത്തുക.<br>• സംവിധാനം ഒരുക്കുക.<br>• ആസൂത്രണം നടത്തുക<br>• യാത്രാ വിവരങ്ങൾ തയ്യാറാക്കുന്നു.<br>• പതിപ്പ് തയ്യാറാക്കുന്നു. | | ടീച്ചേഴ്സ് PTA | നിശ്ചയിക്കുന്ന സ്ഥലത്തിനനുസരിച്ച്. |

## ഉപമേഖല : ലൈബ്രറി ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും വായനയോടുള്ള അഭിമുഖ്യം വളർത്തുന്നതിനും, നല്ല വായന പ്രോൽസാഹിപ്പിക്കുന്നതിനും | • ലൈബ്രറി പുസ്തകങ്ങൾ തരംതിരിച്ച് വയ്ക്കുന്നു.<br>• ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകം വാങ്ങൽ<br>• എല്ലാ കുട്ടികൾക്കും ഇരുന്ന് വായിക്കുന്നതിനുള്ള സംവിധാനം | 3 മാസം | SRG<br>H.M<br>പഞ്ചായത്ത്<br>BRC | |

## ഉപമേഖല : ദിനാചരണങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഒരു വർഷത്തെ പ്രധാനപ്പെട്ട ദിവസങ്ങളുടെ പ്രാധാന്യം അറിയുന്നതിനും കൂടുതൽ അറിവ് നേടുന്നതിനും. സാമൂഹ്യബന്ധം നില നിർത്തുന്നതിനും | • ഓരോ ദിവസത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് കണ്ടെത്തലുകൾ പങ്കുവയ്ക്കുക<br>• ഓരോ ദിനത്തിലും അതുമായി ബന്ധപ്പെട്ട ആളുകളെ അനുമോദിക്കുക.<br>• ഓരോ ദിനവുമായി ബന്ധപ്പെട്ട് സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, പോസ്റ്റർ രചന മുതലായവ സംഘടിപ്പിക്കുക. | 1 വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്. | |

## ഉപമേഖല : ഐ.ടി പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഐ.ടിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പാഠഭാഗങ്ങളിൽ പ്രയോഗിക്കുന്നതിനും ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും. | • ഐടി അധിഷ്ഠിത പഠനം<br>• എല്ലാകുട്ടികൾക്കും ഐടി ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ്.<br>• ഐ.ടി സാധ്യത ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം. | 1 വർഷം | H.M<br>ഐടി<br>അധ്യാപ്. | |

## ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം നൽകൽ. | താൽപര്യമായ കുട്ടികൾക്ക് പ്രവൃത്തി പരിചയ പരിശീലനം നൽകുന്നു. • മുത്ത് കൊണ്ടുള്ള ഉൽപന്നങ്ങൾ, വയറിംഗ്, കാർപെന്ററി, കുട നിർമ്മാണം, തയ്യൽ തുടങ്ങിയവയ്ക്ക് പരിശീലനം. ~~[illegible]~~ • രക്ഷിതാക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലനം | 6 മാസം | SRG | |

## ഉപമേഖല : കലാപരിപോഷണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കലാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു. പരിശീലനം നൽകി കഴിവുകൾ വികസിപ്പിക്കുന്നു. | • പ്രസംഗം, സംഗീതം, ചിത്രരചന, ഡാൻസ്, തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു • ചെണ്ട, ഡാൻസ് എന്നിവയ്ക്ക് വിദഗ്ധരുടെ ക്ലാസുകൾ നൽകുന്നു. | വർഷം | അധ്യാപകർ PTA. | |

## ഉപമേഖല : പച്ചക്കറിത്തോട്ടം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വിഷരഹിത പച്ചക്കറിത്തോട്ടം നിർമ്മിക്കുക. • കാർഷികമനോഭാവം വളർത്തിയെടുക്കുക . അധ്വാനശീലം വളർത്തിയെടുക്കുക. | • ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ കൃഷി ചെയ്യുന്നു. • ജൈവ കൃഷിരീതികൾ പ്രയോജനപ്പെടുത്തുന്നു. • മഴമറ കൃഷി പ്രോത്സാഹിപ്പിക്കുന്നു. | 1 വർഷം | PTA അധ്യാപകർ. | |

## ഉപമേഖല : ലഹരി വിരുദ്ധ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ലഹരിയുടെ ഉപയോഗം പുതു തലമുറയിൽ നിന്ന് ഒഴിവാക്കുക.<br>• ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്തെ ലഹരിയുപയോഗം ഒഴിവാക്കുക | • ലഹരിയുടെ ദൂഷ്യങ്ങൾ മനസിലാക്കുന്ന തരത്തിലുള്ള ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും സംഘടിപ്പിക്കുക<br>• സ്കൂൾ പരിസരത്ത് ലഹരിയുടെ ഉപയോഗം ഉണ്ടെങ്കിൽ കണ്ടെത്തുക. പരിഹാരം കണ്ടെത്തുക.<br>• പോസ്റ്റർ നിർമ്മിച്ച് പ്രദർശിപ്പിക്കുക. | വർഷം മുഴുവൻ | SRG. | |

## ഉപമേഖല : ഫീൽഡ് ട്രിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഫീൽഡുട്രിപ്പിലൂടെ പാഠപുസ്തകത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന്. | • ബാങ്ക്, പോസ്റ്റോഫീസ് തൊഴിൽ ഇടങ്ങൾ, തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിക്കുന്നു<br>• ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കി ചോദിക്കുന്നു.<br>• സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കുന്നു. | | അധ്യാപകർ. | |

## ഉപമേഖല : ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങളിൽ എത്തുന്നു.<br>• മേളകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം<br>• ശാസ്ത്രബോധം വളർത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | 3 മാസം | ശാസ്ത്രാധ്യാപിക. | |

## ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളുടെ കായികശേഷി വർധിപ്പിക്കാൻ | • കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കുന്നു. <br> • ഓട്ടം, ചാട്ടം, റിലേ തുടങ്ങിയ കായികഇനങ്ങളിൽ മത്സരത്തിനു മുമ്പായി പരിശീലനം നൽകുന്നു. | 1 വർഷക്കാലം | അധ്യാപകർ | |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിതപഠനപ്രവർത്തനം എളുപ്പമാക്കൽ. <br> • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | • വർക്ക്ഷീറ്റുകൾ, എണ്ണൽ തന്ത്രങ്ങൾ, മൂർത്ത വസ്തുക്കൾ എന്നിവ ഉപയോഗിച്ച് അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. <br> • കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി മറ്റു കുട്ടികൾക്കും ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | 1 വർഷക്കാലം | ഗണിത അധ്യാപിക. | |

## ഉപമേഖല : CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ തിരിച്ചറിയുന്നു. | • CPTA യോഗം കാര്യക്ഷമമായി നടത്തൽ <br> • കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠനത്തെളിവുകൾ, ഇനിയും നേടേണ്ട പഠനനേട്ടം തുടങ്ങിയ CPTA യിൽ അവതരണം. | 3 മാസത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ. | |

# ഉപസംഹാരം

2025-2026 അധ്യയന വർഷത്തെ പ്രവർത്തന ഭാഗമാകുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ സാമൂഹിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നു. കുട്ടികളുടെ സമഗ്രമായ വളർച്ച ഇവിടെ ലക്ഷ്യം വയ്ക്കുന്നു. കുട്ടി ആർജ്ജിച്ചെടുത്ത് വളർച്ചയുടെ ഭാഗമാക്കി അവർ മാറുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ്കൂളിന്റെ സർവ്വോന്മുഖമായ മാറ്റത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഏകോപിതവും വ്യത്യസ്തവും പ്രചോദനവുമായ പ്രവർത്തനങ്ങളിലൂടെ ഈ പൊതുവിദ്യാലയത്തെ നാടിന്റെ പഠനവീടാക്കി മാറ്റാം.

ഇതിനായി ജനപ്രതിനിധികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും രക്ഷിതാക്കളും അധ്യാപകരും സമൂഹത്തിലെ ഇതരവിഭാഗങ്ങളുമെല്ലാം ഒത്തുചേരാം. കൈകോർക്കാം. അചഞ്ചലമായ ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് മുന്നേറാം.